വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിലൂടെ 520 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ആസ്തി വികസന ഫണ്ട്

134 (474) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽമാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് എം.എൽ.എ-എസ്.ഡി.എഫിൽ നിന്നും തുക അനുവദിക്കുന്നതിനു സാധിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വികലാംഗരായിട്ടുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളായതിനാൽ പ്രസ്തുത സ്പെഷ്യൽ സ്കൂളിന് എം.എൽ.എ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ മച്ചിപ്ലാവിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ..എസ്.ഡി.എഫ്.ന്റെ മാനദണ്ഡപ്രകാരമുള്ള പ്രവർത്തിയ്ക്കുവേണ്ടി തുക വിനിയോഗിക്കുവാൻ അനുമതിയുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിലല്ലാത്ത സ്കൂളുകൾക്കുവേണ്ടി എം.എൽ.എ.-എസ്.ഡി.എഫ്ൽ നിന്നും തുക വിനിയോഗിക്കുവാൻ മാനദണ്ഡപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

അനുമതിയില്ല. അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ സർക്കാർ/എയ്ഡഡ് മേഖലയിൽപ്പെടുന്ന സ്കൂളല്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ സാധിക്കാത്തത്.

(ബി) എം.എൽ.എ.-എസ്.ഡി.എഫ്-ന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയാൽ മാത്രമേ പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ കഴിയുകയുള്ളൂ.

ബജറ്റിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക

135 (475)ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിലെ പ്ലാൻ&നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക എത്ര ; 30-11-2014 വരെയുള്ള ചെലവ് എത്രയെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറിച്ചിട്ടുണ്ടോ ; എങ്കിൽ എത്രകൊണ്ട് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്കായി ഓരോ ധനാഭ്യർത്ഥനയുടെ കീഴിലും പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ മാസം വരെയുണ്ടായ ചെലവുകളുടേയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിതങ്ങളിൽ കുറവൊന്നും വരുത്തിയിട്ടില്ല

സാമ്പത്തിക സ്ഥിതി

136 (476) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly